# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 6572

12-07-2012-ൽ മറുപടിക്ക്

### കഞ്ചിക്കോട് വ്യവസായ മേഖലയിലെ വൈദ്യുതി മോഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) കഞ്ചിക്കോട് വ്യവസായ മേഖ ലയിലെ വ്യവസായ സ്ഥാപനങ്ങൾ അനധി കൃതമായി വൈദ്യുതി ഉപയോഗി ക്കുന്നത് ആന്റി പവർ തെഫ്റ്റ സ്ക്വാഡ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അനധികൃതമായി വൈദ്യുതി ഉപയോഗിച്ച സ്ഥാപനങ്ങളുടെ പേരും മോഷണ രീതിയും വിശദ മാക്കുമോ; | (എ) ഉണ്ട്. വിശദ വിവരം അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം കഞ്ചിക്കോട് മേഖലയിൽ എത്ര പ്രാവശ്യം പരിശോധനനടത്തിയിട്ടുണ്ട് ഏറ്റവും ഒടുവിൽ നടത്തിയ പരിശോധന എന്നായിരുന്നു; | (ബി) ഈ സർക്കാർ അധികാരമേറ്റശേഷം കഞ്ചിക്കോട് മേഖലയിൽ 224 പ്രാവശ്യം പരിശോധന നടത്തിയിട്ടുണ്ട്. ഏറ്റവും ഒടുവിൽ 26.06.2012നാണ് പരിശോധന നടത്തിയത്. |
| (സി) എത്ര കിലോ വാട്ട് വൈദ്യുതിയുടെ മോഷണമാണ് പ്രസ്തുത പരിശോധ നകളിലൂടെ കണ്ടെത്തിയിട്ടുള്ളത്; നിലവിലുള്ള നിരക്കനുസരിച്ച് എന്തു തുകയ്ക്കുള്ള വൈദ്യുതിയാണ് മോഷ്ടിക്കപ്പെട്ടതായി കണ്ടെത്തിയി ട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) പ്രസ്തുത പരിശോധനയിൽ ആകെ 4,57,547 യൂണിറ്റ് വൈദ്യുതിയുടെ മോഷണം കണ്ടെത്തി. നിലവിലുള്ള നിരക്കനുസരിച്ച് 1,60,77,316/- രൂപയുടെ വൈദ്യുതി മോഷ്ടിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. |

(...2..)

(ഡി) ഇവിടെ പ്രസ്തുത മേഖലയിൽ ഒരു സ്ഥാപനത്തിൽ നിന്നും മറ്റൊരു സ്ഥാപനത്തിലേക്ക് ഭൂമിക്കടിയിലെ കേബിൾ വഴി വൈദ്യുതി മോഷ്ടിച്ചതായികണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ സ്ഥാപനത്തിന്റെ പേരും, എന്ന് മുതലാണ് ഇപ്രകാരം മോഷണം തുടങ്ങിയതെന്നും, എത്ര കിലോ വാട്ട് വൈദ്യുതിയാണ് മോഷ്ടിച്ചതെന്നും, ഇപ്പോഴത്തെ നിരക്ക് അനുസരിച്ച് എന്തു തുകയ്ക്കുള്ള വൈദ്യുതിയാണ് മോഷ്ടിച്ചതെന്നും വ്യക്തമാക്കുമോ;

(ഡി) ഉണ്ട്. പ്യാരേലാൽ ഫോംസ് എന്ന ഹൈടെൻഷൻ കമ്പനിയിൽ നിന്നും സുമാർ 75 മീറ്റർ അകലെയുള്ള ആദിത്യാ ഫാബ്രിക്സ് എന്ന മറ്റൊരു ഹൈടെൻഷൻ കമ്പനിയിലേയ്ക്ക് എൽ.ടി. വൈദ്യുതി സപ്ലൈ അനധികൃതമായി നീട്ടിയെടുത്ത് ബോർഡ് അനുമതി നൽകാത്ത 384.56 കിലോവാട്ട് ശേഷിയുള്ള ഒരു പ്ലാന്റ് അനധികൃത മായി പ്രവർത്തിച്ച് വരുന്നതു കണ്ടെത്തി. ടി കമ്പനി കഴിഞ്ഞ ഒരു വർഷത്തോളമായി ഈ കൃത്യം നടത്തി വരുന്നതായി കരുതുന്നു. ആയതിനാൽ നിലവിലുള്ള നിയമ പ്രകാരം 385 കിലോവാട്ട് ലോഡ് അനധികൃതമായി ഉപയോഗിച്ചതായി കണ്ടെത്തി. ഇപ്പോഴത്തെ നിരക്കിൽ 70,26,250/- രൂപ ബോർഡിന് നഷ്ടമുണ്ടായിട്ടുണ്ട്. ഇതിന്റെ രണ്ടുമടങ്ങായ 1,40,52,500/- രൂപ പിഴ ചുമത്തിയിട്ടുണ്ട്.

(ഇ) അതനുസരിച്ച് പ്രസ്തുത സ്ഥാപനത്തിന് ബിൽ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇക്കാര്യത്തിൽ എന്ത് തുടർ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഇ) ബിൽ നല്കിയിട്ടുണ്ട്. അതിന്റെ കോപ്പി ഇതോടൊപ്പം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.

വൈദ്യുതി നിയമം 2007 (അമെൻറ്മെൻറ് ആക്ട്) സെക്ഷൻ 126 പ്രകാരം കഞ്ചിക്കോട് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റൻറ് എഞ്ചിനീയർ 30.06.2012-ന് ₹1,40,52,500/- രൂപയുള്ള പ്രൊവിഷണൽ ബിൽ ഉപഭോക്താവിനു നൽകിയിട്ടുണ്ട്. പിഴ തുക ഒടുക്കുന്നതിനുള്ള അവസാന തീയതിയായ 07.07.2012-നുള്ളിൽ ഉപഭോക്താവിനു പരാതിയെന്തെങ്കിലുമുണ്ടെങ്കിൽ ബോധിപ്പിക്കാവുന്നതാണ്. ഉപഭോക്താവ് 07.07.2012-ന് അസിസ്റ്റന്റ് എൻജിനീയർ മുമ്പാകെ പ്രൊവിഷണൽ ബില്ലിനെതിരെ പരാതി സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ 30 ദിവസത്തിനുള്ളിൽ അസിസ്റ്റൻറ് എഞ്ചിനീയർ ഹിയറിംഗ് നടത്തി മേൽ നടപടികൾ സ്വീകരിക്കുന്നതാണ്

സെക്ഷൻ ഓഫീസർ.

6572

അനുബന്ധം 1

<u>ഈ സർക്കാർ അധികാരമേറ്റശേഷം അനധികൃതമായി വൈദ്യുതി ഉപയോഗിച്ച സ്ഥാപനങ്ങൾ</u>

| | | |
|---|---|---|
| 1. | പ്രീമിയർ ഗ്യാസസ് NIDA, കഞ്ചിക്കോട് | 89 kW ലോഡ് അധികമായി അനധികൃതമായി ഉപയോഗിച്ചു |
| 2 | ബ്രിസ്റ്റോഫുഡ്സ് NIDA, കഞ്ചിക്കോട് | 20 kW ലോഡ് അധികമായി അനധികൃതമായി ഉപയോഗിച്ചു |
| 3. | ABR മോഡേൺ റൈസ് മിൽ, NIDA, കഞ്ചിക്കോട് | 10 kW ലോഡ് അധികമായി അനധികൃതമായി ഉപയോഗിച്ചു |
| 4. | സിറ്റാഡൽ ഹൈഡ്രോളിക്സ് & ഇലക്ട്രിക്കൽസ് NIDA, കഞ്ചിക്കോട് | 13 kW ലോഡ് അധികമായി അനധികൃതമായി ഉപയോഗിച്ചു |
| 5. | പ്യാരേലാൽ ഫോംസ് പ്രൈവറ്റ് ലിമിറ്റഡ് കഞ്ചിക്കോട് | പ്രസ്തുത ഹൈടെൻഷൻ കമ്പനിയിൽ നിന്നും LT വൈദ്യുതി സപ്ലൈ അനധികൃതമായി നീട്ടിയെടുത്ത് തൊട്ടടുത്തുള്ള ആദിത്യാ ഫാബ്രിക്സ് എന്ന മറ്റൊരു ഹൈടെൻഷൻ കമ്പനിയിലെത്തിച്ച് KSE Board അനുമതി നൽകാത്ത 384.56 kw ശേഷിയുള്ള പ്ലാൻറ് അനധികൃതമായി പ്രവർത്തിപ്പിച്ചു |

സെക്ഷൻ ഓഫീസർ.

6572

അനുബന്ധം 2



## CALCULATION STATEMENT

Ref. 1. Site Mahasar dtd 15.06.2012 APTS inspection conducted in the premises of M/s. Pyarelal Foams Pvt Ltd and M/s. Adithya
2. Letter No. DB 1/HT/ Pyarelal Foams/2012-13/676dtd. 27.06.2012 of Dy CE Palakkad

| | | |
|---|---|---|
| 1 | Name of the consumer | M/s. Pyarelal Foams Pvt Ltd |
| 2 | Tariff | HT I Industrial |
| 3 | Nature of unauthorised use of energy | Unauthorised LT temporary extension of 384.56 KW |
| 4 | Period of penalisation | One year as per the Clause 126 (5) of Electricity Act 2003 |
| 5 | Regulation by which LT Temporary Extension is charged | Schedule of Tariff and Terms condition for retail supply by KSEBoard wef 01.01.2010 |
| 6 | Regulation by which penal bill is raised | As per Clause 126 (6) (v) of Electricity Act 2003 |
| 7 | Penal Bill Amount 385 KW x Rs.50 per day x 2 times x 365 days | 14052500 |
| | Rs. One Crore Forty Lakhs Fifty Two Thousand and Five Hundred only | |

Special Officer (Revenue)



സ്പെഷ്യൽ ഓഫീസർ.

Sheet2

| PROVISIONAL BILL | |
| --- | --- |
| BILL DATE:30/06/2012 | LAST DATE:07/07/2012 |
| Name of the consumer | M/s. Pyeralal Foams Pvt Ltd |
| Tariff | HT I Industrial |
| CONSUMER CODE | 26/4422 |
| REFERANCE | SURPRISE INSPECTION IN YOUR FACTORY PREMISES AT KOYYAMARAKKAD KANJIKODE APTS UNITS OF KSEB ON 15/06/2012 |
| Nature of unauthorised use of energy | Unauthorised LT temporary extension of 384.56 Kw from m/s pyeralal foams pvt ltd (26/4422) |
| Period of penalisation | One year as per the Clause 126 (5) of Electricity Act 2003 |
| Penal Bill Amount | 385 KW x Rs.50 per day x per kwX 2 times x 365 days=14052500 (Rs. One Crore Forty Lakhs Fifty Two Thousand and Five Hundred only |

Office of the Assistant Engineer
K.S.E.B.
KANJIKODE
PIN-678621
Electrical Section

സെക്ഷൻ ഓഫീസർ